**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ആര്യങ്കാവ് പട്ടികവർഗ്ഗ നഗർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ആദിവാസി പ്രകൃതിയായ ആര്യങ്കാവ് പട്ടികവർഗ്ഗ നഗർ കേന്ദ്രീകരിച്ച് മലഞ്ചരക്ക് വിഭവങ്ങളും ചൂരൽ ഉൾപ്പെടെയുള്ള ഉത്പന്നങ്ങളും വിപണനം നടത്തിവന്നിരുന്ന ആര്യങ്കാവ് പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അത്യാവശ്യ വായ്പകൾ അനുവദിച്ചിരുന്ന ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | ആര്യങ്കാവ് പട്ടികവർഗ്ഗ സഹകരണ സംഘത്തിൽ, തെരഞ്ഞെടുപ്പ് നടത്തി സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പുനലൂർ അറിയിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2017-18ലെ പദ്ധതിയിൽ ഉൾപ്പെടുത്തി അച്ചൻകോവിൽ വനം ഡിവിഷൻ ഓഫീസിനോട് ചേർന്ന് നിർമ്മിച്ച അച്ചൻകോവിൽ സാമൂഹിക പഠന കേന്ദ്രം, നിർമ്മാണം പൂർത്തിയാക്കി നാലുവർഷം കഴിഞ്ഞിട്ടും തുറന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അച്ചൻകോവിലിൽ വനം വകുപ്പിന്റെ കെട്ടിടത്തിൽ നിലവിൽ സാമൂഹ്യ പഠനമുറി പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>പുതിയതായി നിർമ്മാണം പൂർത്തീകരിച്ച കമ്മ്യൂണിറ്റി ഹാളിന് കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടത്തിൽ സാമൂഹ്യപഠനമുറി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ഡി) | ഈ കേന്ദ്രത്തിന് ആര്യങ്കാവ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതി ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | അച്ചൻകോവിലിൽ വനം വകുപ്പിന്റെ കെട്ടിടത്തിൽ നിലവിൽ സാമൂഹ്യ പഠനമുറി പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>പുതിയതായി നിർമ്മാണം പൂർത്തീകരിച്ച കമ്മ്യൂണിറ്റി ഹാളിന് കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടത്തിൽ സാമൂഹ്യപഠനമുറി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത സാമൂഹിക പഠന കേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഇ) | അച്ചൻകോവിലിൽ വനം വകുപ്പിന്റെ കെട്ടിടത്തിൽ നിലവിൽ സാമൂഹ്യ പഠനമുറി പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>പുതിയതായി നിർമ്മാണം പൂർത്തീകരിച്ച കമ്മ്യൂണിറ്റി ഹാളിന് കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടത്തിൽ സാമൂഹ്യപഠനമുറി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ